"ഭരണഭാഷ - മാതൃഭാഷ"

Q2/102651/2018/Coll.Edn

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 28-07-2018

## വിജ്ഞാപനം

### വിഷയം: സംസ്കൃതസ്കോളർഷിപ്പ് 2018-19 ഫ്രഷ്/ റിന്യൂവൽ അപേക്ഷ ക്ഷണിക്കുന്നു.

2018-19 അധ്യയന വർഷത്തേക്ക് സംസ്കൃത കോളേജിലെ വിദ്യാർത്ഥി / വിദ്യാർത്ഥിനികളിൽ നിന്നും സംസ്കൃതം പ്രധാന വിഷയമായി എടുത്തുപഠിക്കുന്ന ആർട്സ് & സയൻസ് കോളേജുകളിലേയും, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി യിലേയും വിദ്യാർത്ഥി / വിദ്യാർത്ഥിനികളിൽ നിന്നും സംസ്കൃത പഠന പ്രോത്സാഹന സ്കോളർഷിപ്പ് മുൻ വർഷങ്ങളിൽ സംസ്കൃതം സ്കോളർഷിപ്പ് ലഭിച്ചിട്ടുള്ളതും 2018-19 അധ്യയനവർഷം പഠനം തുടരുന്നതുമായ വിദ്യാർത്ഥികളിൽ നിന്ന് 2018-19 വർഷത്തേയ്ക്ക് പുതുക്കലിനും ഓൺലൈർ വഴി അപേക്ഷ ക്ഷണിക്കുന്നു.

ഡിഗ്രി , പോസ്റ്റ് ഗ്രാജുവേഷൻ എന്നീ ക്ലാസുകളിൽ ഒന്നാം വർഷം പഠിക്കുന്നവരും കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം കവിയാത്തവരും യോഗ്യത പരീക്ഷ ആദ്യപ്രാവശ്യം തന്നെ പാസ്സായിട്ടുള്ളവരും സംസ്കൃതം ഒരു വിഷയമായി എടുത്ത് പരീക്ഷ പാസ്സായിട്ടുള്ളവരും ആയ വിദ്യാർത്ഥികളാണ് ഫ്രഷ് സ്കോളർഷിപ്പിന് അർഹരായിട്ടുള്ളത് . എന്നാൽ ഡിഗ്രിക്കു പഠിക്കുന്ന ആദ്യത്തെ 5 വിദ്യാർത്ഥികൾക്കും പോസ്റ്റ് ഗ്രാജുവേഷന് പഠിക്കുന്ന ആദ്യത്തെ 2 വിദ്യാർത്ഥികൾക്കും യോഗ്യതാ പരീക്ഷയുടെ മാത്രം അതായത് മാർക്കിന്റെ അടിസ്ഥാനത്തിൽ വരുമാന പരിധി കണക്കാക്കാതെ സ്കോളർഷിപ്പ് നൽകുന്നതാണ്.

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship kerala gov.in ൽ SansKrit Scholarship (SSE) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് 17/08/2018 തീയതി വരെ ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കാം.

**1. യോഗ്യതകൾ:**

1)സംസ്കൃതം ഒരു വിഷയമായി പഠിക്കുന്ന ആർട്സ് & സയൻസ് കോളേജുകളിലേയും ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിലെയും ബിരുദ / ബിരുദാനന്തര ബിരുദം ഒന്നാം വർഷ പ്രവേശനം ലഭിച്ചവർ.

2)അപേക്ഷകർ ഒന്നാമത്തെ ചാൻസിൽ തന്നെ യോഗ്യതാ പരീക്ഷ പാസ്സായവരായിരിക്കണം.

3) 2017-18 വർഷം യോഗ്യതാ പരീക്ഷ പാസ്സായവരുടെ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളു.

**2) സ്കോളർഷിപ്പ് തുക, എണ്ണം എന്നിവ.**

| കോഴ്സ് | സ്കോളർഷിപ്പ് തുക | സ്കോളർഷിപ്പ് എണ്ണം |
|---|---|---|
| ബിരുദം | 200/-PM | 55 |
| ബിരുദാനന്തര ബിരുദം | 200/-PM | 25 |
| | | |

**3) വരുമാന പരിധി:** രക്ഷിതാക്കളുടെ വരുമാന പരിധി 1,00,000/- രൂപ കവിയരുത്.

**4) ബന്ധപ്പെട്ട മറ്റു വിവരങ്ങൾ :**

1)അപേക്ഷകർക്ക് ഐ.എഫ്.സി കോഡുള്ള നാഷണലൈസ്ഡ്/ഷെഡ്യൂൾഡ്/ കൊമേഴ്സ്യൽ എന്നിവയിൽ ഏതെങ്കിലും ഒരു ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. രക്ഷാകർത്താവുമായി ചേർന്നുള്ള മൈനർ അക്കൗണ്ടുള്ളവർ സ്വന്തം പേരിൽ മാത്രമായുള്ള മേജർ അക്കൗണ്ടായി മാറ്റേണ്ടതാണ്. അപേക്ഷ ഓൺലൈനായിസമർപ്പിക്കുമ്പോൾ അക്കൗണ്ട് ലൈവ് ആയിരിക്കേണ്ടതാണ്.

2) അപേക്ഷകർ കേരളത്തിലെ സ്ഥിരതാമസക്കാരായിരിക്കണം.

3) സ്കോളർഷിപ്പ് ഒരുകോഴ്സിന് ആദ്യ വർഷം അനുവദിച്ചാൽ ഓരോ വർഷവും 45% മാർക്കുണ്ടെങ്കിൽ സ്കോളർഷിപ്പ് പുതുക്കി നൽകുന്നു.

4) മറ്റു സ്കോളർഷിപ്പ് ആനുകൂല്യം ലഭിക്കുന്നവർക്ക് ഈ സ്കോളർഷിപ്പിന് അർഹതയില്ല..

5) അപേക്ഷിക്കേണ്ട രീതി :

(എ) അപേക്ഷകൾ ഓൺലൈനായി 17/08/2018 -ാം തീയതി വരെ സമർപ്പിക്കാവുന്ന താണ്. ഇതിനായി

1) www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ Sanskrit Scholarship (SSE) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2) Apply online- ൽക്ലിക്ക് ചെയ്യുക

3) മറ്റു സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് candidate login ചെയ്യുക.

4) അല്ലെങ്കിൽ New registration-ൽ ക്ലിക്ക് ചെയ്ത് submit ചെയ്യുക.

5) സ്കോളർഷിപ്പ് പേജിൽ SSE എന്ന Tab-ൽ ക്ലിക്ക് ചെയ്യുക.

6) കുടുംബവാർഷിക വരുമാനം പൂരിപ്പിക്കുക

7) നൽകിയ വിവരങ്ങൾ ശരിയെങ്കിൽ വീണ്ടും submit ക്ലിക്ക് ചെയ്യുക.

(ബി)Online-ലൂടെ അപേക്ഷ നൽകിയതിനുശേഷംView / Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.

1. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് ഭാഗം 5 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

2. വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും , രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപന മേധാവിയോ (പ്രിൻസിപ്പാളോ/ യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്. **(വെരിഫിക്കേഷൻ )**

3. സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി പ്രിൻസിപ്പാളോ / യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ ) ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. **(അപ്രൂവൽ)**

4. ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ അതാതു സ്ഥാപനങ്ങളിൽതന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനയ്ക്ക് ഇവ വിധേയമാക്കേണ്ടതാണ്.

6) സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട രേഖകൾ:

1. അപേക്ഷകരുടെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൗട്ട്

2. യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

3. എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

4. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ( ഒറിജിനൽ)

5. വരുമാന സർട്ടിഫിക്കറ്റ് ( ഒറിജിനൽ)

6. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം.)

**7) അവസാന തീയതികൾ :**

1. ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി:

**17/08/2018**

2. ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൗട്ടും അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട തീയതി: **18/08/2018**

3. സ്ഥാപന മേധാവി സൂക്ഷ്മ പരിശോധന നടത്തി ഓൺലൈൻ ആയി

അപ്രൂവൽ നൽകേണ്ട തീയതി: **29/08/2018**

**അപേക്ഷകൾ പ്രിൻസിപ്പാൾമാർ വെരിഫൈ അപ്രൂവ് ചെയ്യാതിരുന്നാൽ അതിന്റെ ഉത്തരവാദിത്തം പൂർണ്ണമായും അവർക്കായിരിക്കും.**

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: **31/08/2018**

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ക്ക് വേണ്ടി

ശ്രീജ/25-07-18